**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1456** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഐ.ആർ.ഇ., കെ.എം.എം.എൽ. ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചവറയിലെ തൊഴിൽ മേഖലാ സ്ഥാപനങ്ങളായ ഐ.ആർ.ഇ. യും കെ.എം.എം.എൽ. ഉം കൊല്ലം കളക്ടർ ചെയർമാനായ കൊല്ലം മൈനിംഗ് ഏരിയ വെൽഫയർ ബോർഡിലേക്ക് സി.എസ്.ആർ ഫണ്ടിൽ നിന്നും അടച്ചു കൊണ്ടിരുന്ന തുക ഇപ്പോൾ തൊഴിൽ വകുപ്പിന്റെ ഒരു ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് അടയ്ക്കുന്നത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി തൊഴിൽ വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ തുക ഒടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കെ.എം.എം.എൽ, ഐ.ആർ.ഇ എന്നീ സ്ഥാപനങ്ങൾ വാർഷിക വിഹിതമായി ലഭ്യമാക്കുന്ന തുക മൈനിംഗ് ഏരിയ വെൽഫെയർ ബോർഡ് ചെയർമാൻ കൂടിയായ കൊല്ലം ജില്ലാ കളക്ടർ മുഖേന 8229-00-114-99-KMWF ശീർഷകത്തിൽ എല്ലാ വർഷവും ഒടുക്കി വരുന്നു.<br><br>മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിൽ നിന്നുള്ള കോൺട്രിബ്യൂഷൻ 8229-00-114-99-KMWF ശീർഷകത്തിലേയ്ക്ക് ക്രെഡിറ്റ് ചെയ്യണമെന്നും ബോർഡിന്റെ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള ചെലവ് "2230-01-103-97-00-34-03-N-V-KMWF" ശീർഷകത്തിൽ നിന്നും വഹിക്കണമെന്നും കേരള മൈനിംഗ് ഏരിയ വെൽഫെയർ ഫണ്ട് ബോർഡ് റൂൾസിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. |
| (ബി) | പ്രസ്തുത തുക തൊഴിൽ വകുപ്പിന്റെ ഒരു ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് വരുന്നതിലെ കാലതാമസം ഒഴിവാക്കി ജീവനക്കാരുടെ ശമ്പളം സമയബന്ധിതമായി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | മൈനിംഗ് ഏരിയ വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി 2230-01-103-97-34-03-NV ശീർഷകത്തിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുന്ന തുക മൈനിംഗ് ഏരിയ ബോർഡിന്റെ ചെയർമാൻ കൂടിയായ കൊല്ലം ജില്ലാ കളക്ടറിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ കൊല്ലം ജില്ലാ ലേബർ ഓഫീസർ മുഖേന ലേബർ കമ്മീഷണറേറ്റിൽ നിന്നും ഭരണാനുമതിയ്ക്കും ഫണ്ടിനുമായി സർക്കാരിൽ ലഭ്യമാക്കി വരുന്നു. പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ശീർഷകത്തിന്റെ സി.സി.ഒ ആയ ലേബർ കമ്മീഷണർ ഭരണാനുമതി ലഭിക്കുന്ന തുക കൊല്ലം ജില്ലാ ലേബർ ഓഫീസർക്ക് അനുവദിക്കുകയും |

| | | | |
|---|---|---|---|
| | | | കളക്ടർ ലഭ്യമാക്കുന്ന നടപടിക്രമം പ്രകാരം കൊല്ലം ജില്ലാ ലേബർ ഓഫീസർ പ്രസ്തുത തുക ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് സമയ ബന്ധിതമായി അനുവദിച്ചു വരികയും ചെയ്യുന്നു.<br><br>ജീവനക്കാരുടെ ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ